7

# യേശുവിന്റെ വിചാരണകൾ

**മത്തായി 26:57-27:31; മർക്കൊസ് 14:53-15:20; ലൂക്കൊസ് 22:54-23:25; യോഹന്നാൻ 18:12-19:16**

*"അനേകർ അവന്റെ നേരെ കള്ളസാക്ഷ്യം പറഞ്ഞിട്ടും, സാക്ഷ്യം ഒത്തു വന്നില്ല" (മർക്കൊസ് 14:56).*

മറ്റു ലജ്ജയില്ലാത്ത സംഭവങ്ങൾ നാം കണ്ടില്ലെന്നു നടിക്കത്തക്ക വണ്ണം യേശുവിനെ ക്രൂശിൽ തറക്കൽ അതിഭയങ്കരമായിരുന്നു. യേശുവിന്റെ വിചാരണ ആദ്യാവസാനം അന്യായമായിരുന്നു! സാത്താൻ ലജ്ജിക്കത്തക്കവണ്ണം ദുഷ്പ്രവൃത്തിയോടെയാണ് യേശുവിനോടു പെരുമാറിയത്! സാത്താനു പോലും പാപത്തെ നിയന്ത്രിക്കുവാൻ സാധ്യമല്ല!

ഈ സമയത്തെ അവന്റെ വിചാരണ ചരിത്രങ്ങളിൽ ഏറ്റവും തരം താഴ്ന്നതായിരുന്നു. യൂദാ ഒറ്റിക്കൊടുത്തു, പത്രൊസ് തള്ളിപ്പറഞ്ഞു, പത്തു അപ്പൊസ്തലന്മാർ ഒളിക്കുവാൻ ഓടി, നാലു പാവകളായ പ്രമാണിമാർ – ഹന്നാവു, കയ്യഫാവു, പിലാത്തൊസ്, ഹെരോദാവ് – "ന്യായാധിപനെ," ന്യായം വിധിച്ചു. ആദരിക്കപ്പെട്ട ന്യായാധിപസഭ കിരാത ജനക്കൂട്ടമാവുകയും ചെയ്തു. വിശുദ്ധ നഗരവും (യെരുശലേം) നിയമ നഗരവും (റോം) ഒന്നുചേർന്നു ചരിത്രത്തിലെ വലിയ നിയമ പ്രഹസനമായി.

നിയന്ത്രണത്തിലായിരുന്ന ഒരാൾ യേശു മാത്രമായിരുന്നു (യോഹന്നാൻ 10:17, 18; 19:10, 11). അവൻ മനപ്പൂർവ്വമായിട്ടാണ് യെരുശലേമിലേക്കു പോയത് (ലൂക്കൊസ് 9:51). അവന്റെ "നാഴിക" വന്നു (യോഹന്നാൻ 17). അവനെ തടവിലാക്കുവാൻ, അവന്റെ ശത്രുക്കൾക്കു പ്രകോപനം ഉണ്ടാക്കുവാൻ അവൻ ശഠിക്കുകയായിരുന്നു. നമുക്ക് ഇതു കാണുവാൻ കഴിയുമോ?

ഇന്നു ക്രിസ്തുവിനെ പ്രിയപ്പെട്ട, മൃദുവായ, നല്ല യേശുവാക്കി ചുരുക്കിയിരിക്കുന്നു. അല്ല! അവൻ "മനുഷ്യർക്കിടയിലെ മനുഷ്യൻ," ആയിരുന്നു, അല്ലാതെ തേജസ്ക്കരിക്കപ്പെട്ട ബലഹീനനല്ല. അവൻ സാത്താനെയും യെഹൂദമതത്തെയും, സർവ്വലോകത്തെയും – ജയിച്ചു. അവൻ ഒരിക്കലും ആരിൽ നിന്നും പിന്തിരിഞ്ഞില്ല!

*യെഹൂദമതം* (യെരുശലേം) ധാർമ്മികമായും ആത്മികമായും ശുഷ്കിച്ചു പോയിരുന്നു. നാം മനുഷ്യനെ ഏറ്റവും മോശമായി കാണുമ്പോഴും, ദൈവത്തെ അവന്റെ പൂർണ്ണതയിലാണ് കാണുന്നത്. അതാണ് കൃപയുടെ മഹത്വം. യേശു ടൗണിലേക്കു വലിയുകയോ ഒരു ബാത്ത് റൂമിൽ ഒളിക്കുകയോ ചെയ്തില്ല. അവൻ പരസ്യമായിട്ടാണ് ദൈവാലയത്തെ ശുദ്ധീകരിച്ചത് (മത്തായി 21:12, 13; മർക്കൊസ് 11:15–17; ലൂക്കൊസ് 19:45, 46). കന്നുകാലികളെ ദൈവാലയത്തിൽ കൊണ്ടുവന്നു ലേലം ചെയ്യുന്ന തരത്തിൽ യെഹൂദന്മാരുടെ അഴിമതി തരം താഴ്ന്നതായിരുന്നു. യേശു, മാത്രമാണ്, അതിനെ അവസാനിപ്പിച്ചത്. എന്തു ധൈര്യം! എന്തു ശക്തി! യെരുശലേം നഗരത്തിൽ വച്ചുതന്നെ, അവൻ "ന്യായവിധിയുടെ ഉപമകൾ" ഉപദേശിച്ചു. യേശുവിനോട് ഒരു നിഷ്പക്ഷതയും ഇല്ല – ഒന്നുകിൽ നിങ്ങൾ യേശുവിനെ സ്വീകരിക്കുക അല്ലെങ്കിൽ അവനെ ക്രൂശിൽ തറക്കുക! അവന്റെ ശത്രുക്കൾ ഒരിക്കലും "അവനെ ശാസിക്ക" എന്നു പറഞ്ഞില്ല. അവർ പറഞ്ഞത്, "അവനെ കൊല്ലുക" എന്നാണ്!

*മതാദ്ധ്യക്ഷന്മാർ* അവരുടെ "തെറ്റുകളെ യേശു ചൂണ്ടിക്കാണിച്ചതു നിമിത്തം ഭയപ്പെട്ടു"! അവന്റെ അത്ഭുതങ്ങളെ തള്ളിക്കളയുവാൻ അവർക്കു കഴിഞ്ഞില്ല. യെരുശലേമിന് യേശുവിനെകുറിച്ചുള്ള സത്യത്തോട് വെറുപ്പും ദാക്ഷിണ്യമില്ലാതെയുമായിരുന്നു. മതാദ്ധ്യക്ഷന്മാർക്ക് അവനെയോ അവന്റെ ശുശ്രൂഷയെയോ നിയന്ത്രിക്കുവാൻ കഴിഞ്ഞില്ല.

പെസഹാ കാലത്ത് കുഴപ്പം ഉണ്ടാകുവാൻ ആരും ആഗ്രഹിച്ചിരുന്നില്ല. യെഹൂദന്മാർ പെരുന്നാളിനിടയിൽ യേശുവിനെ കൊല്ലുവാൻ ആഗ്രഹിച്ചിരുന്നെങ്കിൽ, അവർ മുൻകൂട്ടി പദ്ധതികൾ തയ്യാറാക്കുകയും അതു നടപ്പാക്കുവാൻ വ്യാഴാഴ്ച്ച രാത്രിവരെ അവർ കാത്തിരിക്കയുമില്ലായിരുന്നു. അവിടെയാണ് യൂദാ രംഗപ്രവേശനം ചെയ്യുന്നത്. യെരുശലേമിൽ, അവന്റെ ഉപദേശങ്ങൾ കേട്ട്, യേശുവിനോടുകൂടെ ആയിരുന്നതുകൊണ്ടു തന്റെ മരണത്തെക്കുറിച്ചു പറയുന്നതു അവൻ കേട്ടിരുന്നു. അതിൽ നിന്നു അല്പം പണമുണ്ടാക്കാമെന്നു യൂദാ വിചാരിച്ചു.

ഒരർത്ഥത്തിൽ, യേശു തന്റെ ആസന്നമായ മരണത്തെ പ്രസ്താവിച്ചതു അവന്റെ ശത്രുക്കൾക്കു നല്ല വാർത്തയായിരുന്നു, പക്ഷെ പെരുന്നാളിനിടയിൽ അത് സൃഷ്ടിച്ച അനിശ്ചിതത്വമാണ് അവരെ ദുഃഖിപ്പിച്ചത്. അവർക്കു അവന്റെ ശിഷ്യന്മാരായിരുന്ന മുക്കുവരെയും മറ്റുള്ളവരെയും ഭയമില്ലായിരുന്നു, എന്നാൽ അവർ യേശുവിനെ വിലകുറച്ചു കണ്ടതുമില്ല. പരീശന്മാർ പറഞ്ഞു, "ലോകം അവന്റെ പിന്നാലെ ആയിപ്പോയി" (യോഹന്നാൻ 12:19). അവിശ്വാസികളായിരുന്ന യെഹൂദന്മാർക്കു, ലാസറിനെ ഉയർപ്പിച്ചതു ക്രിസ്തുവിന്റെ മരണത്തിനു കാരണമായി (യോഹന്നാൻ 11). ലോകം മുഴുവൻ യേശു സത്യം ബോധ്യമാക്കുമോ എന്നു അവർ ഭയപ്പെട്ടു!

യേശു സംസാരിച്ചതായ സത്യവും അവൻ ചെയ്തതായ അത്ഭുതങ്ങളും പാപികളെ ഭയപ്പെടുത്തി! യെരുശലേമിലെ ജനങ്ങൾക്കു മാനസാന്തരപ്പെടുവാനുള്ള എല്ലാ അവസരവും ദൈവം നല്കി, എന്നാൽ തെളിവുകളെ അവർ നിരസിച്ചു. യേശു കാരണം, മതാദ്ധ്യക്ഷന്മാർക്കു അവരുടെ സ്ഥാനങ്ങൾ മാത്രമല്ല, അവരുടെ വരുമാനവും നിന്നുപോകു

മെന്നായി (യോഹന്നാൻ 11:47, 48). യേശു മരിക്കേണ്ടതാകുന്നു എന്നു കയ്യഫാവു പ്രഖ്യാപിച്ചതിൽ അതിശയിക്കുവാനില്ല (യോഹന്നാൻ 11:49, 50)! "എന്നാൽ യെഹൂദന്മാർ ഒരു മശിഹാക്കുവേണ്ടി നോക്കിയിരിക്കയായിരുന്നു," എന്നു നിങ്ങൾ പറഞ്ഞേക്കാം. അതെ എന്നും അല്ല എന്നും. അവർ അതിനെകുറിച്ചു സംസാരിച്ചിട്ടുണ്ട്; അവർ അതിനെ ചൂഷണം ചെയ്തിട്ടുണ്ട് ... എന്നാൽ അവസാനമായി മതാദ്ധ്യക്ഷന്മാർ ആഗ്രഹിച്ചതു ദൈവം അയച്ചതായ മശിഹയെ പോലെയുള്ള ഒരാളെയാണ്. അവൻ അവരുടെ "ജോലി ഇല്ലാതാക്കും" എന്നു അവർ മനസ്സിലാക്കി. അഹങ്കാരം, അധികാരത്തോടൊപ്പം, ഹീനകൃത്യങ്ങൾ ചെയ്യിപ്പിക്കും. അഹങ്കാരമുള്ളവർ അധികാരം വിട്ടുകളയുകയില്ല. അവർക്കു സത്യത്തെ ത്യജിക്കുവാനും, അതിനെതിരെ പോരാടുവാനും, സത്യത്തെ നശിപ്പിക്കുവാനും മാത്രമെ കഴിയൂ. നിയന്ത്രണം വിട്ട, യെഹൂദന്മാർ, യേശുവിനെ "കുറ്റവാളിയാക്കി." പിലാത്തൊസ് അവനെ "കുറ്റക്കാരനല്ല" എന്നു പ്രഖ്യാപിച്ചു (യോഹന്നാൻ 18:38).

യേശുവിന്റെ വിചാരണയിലെ ഏറ്റവും സ്പഷ്ടമായ ക്രമക്കേടുകളിൽ താഴെ പറയുന്ന പെരുമാറ്റച്ചട്ടങ്ങളുടെ ലംഘനങ്ങൾ ഉണ്ടായിരുന്നു:

- കുറ്റ തീരുമാനമോ അല്ലെങ്കിൽ നിരപരാധിത്വമോ വിചാരണക്കുമുമ്പുണ്ടായില്ല.
- നേരിട്ടു കുറ്റം ചെയ്തു പിടിക്കപ്പെട്ടാലല്ലാതെ രാത്രിയിൽ ആരെയും പിടിക്കുവാൻ ഉദ്യോഗസ്ഥർക്കു അധികാരമില്ല. ന്യായാധിപന്മാർ പിടിക്കലിന്റെ ഭാഗമാകുവാൻ പാടില്ല.
- ജീവപര്യന്ത ശിക്ഷക്കു രാത്രിയിൽ പിടിപ്പാൻ പാടില്ല.
- ഒരു കുറ്റവാളിയെ ഒറ്റ ദിവസം കൊണ്ടു കുറ്റവിമുക്തനാക്കുവാൻ പാടില്ല; കുറ്റം ആരോപിക്കപ്പെട്ട കുറ്റവാളിക്കു ഒരു രാത്രി അതിനെ കുറിച്ചു ചിന്തിക്കുവാൻ അനുവദിക്കണം.
- യെഹൂദ നിയമത്തിനു അന്യമായിരുന്നു ക്രൂശിൽ തറക്കൽ.
- ന്യായാധിപന്മാർ കുറ്റം ചുമത്തുന്നവരും പ്രതിരോധിക്കുന്നവരും ആയിരിക്കണം.
- എബ്രായ നിയമം അനുസരിച്ചു കേട്ടു കേൾവിയാലുള്ള തെളിവു അസ്വീകാര്യമായിരുന്നു.
- സന്ദർഭവശാലുള്ള തെളിവു അപകീർത്തിപരമായിരുന്നു; എബ്രായ നിയമം അനുശാസിക്കുന്നതു രണ്ടോ മൂന്നോ സാക്ഷികളുടെ അടിസ്ഥാനത്തിലാണ്.
- ന്യായാധിപ സംഘത്തിലെ ഏറ്റവും പ്രായം കുറവുള്ളവരാണ് ആദ്യം വോട്ടു ചെയ്യേണ്ടത്.
- ന്യായാധിപ സംഘത്തിലെ ഒരംഗം കുറ്റവാളിയെ പ്രതിരോധിക്കണം.
- ആരംഭ കുറ്റം ചുമത്തുവാൻ ന്യായാധിപ സംഘത്തിനു അധികാരം ഇല്ല ... അവരെ വിചാരണ ചെയ്യുവാൻ മാത്രം.
- ശബ്ബത്തുനാളിലും പെരുന്നാളുകളിലും കോടതി വിചാരണകൾ വിലക്കിയിരുന്നു.

- കുറ്റം ആരോപിക്കപ്പെട്ട ആൾക്കു എതിരായി സ്വയം സാക്ഷി പറയുവാൻ പാടില്ല.
- ഒരു മഹാപുരോഹിതൻ തന്റെ വസ്ത്രം കീറരുത്.

ഏറ്റവും നല്ലവർ എന്നു കരുതുന്നവർ ഏറ്റവും മോശക്കാരാണ്. മനുഷ്യൻ പാപത്തിലാകുന്നതു എത്ര ബീഭത്സമാണെന്നതു ചിന്തിക്കുമ്പോൾ തന്നെ ഭയമുളവാകും!

**യെഹൂദ വിചാരണകൾ**

അത്ര നിന്ദ്യമാകുമായിരുന്നില്ലെങ്കിൽ, യേശുവിന്റെ അറസ്റ്റ് ഹാസ്യമാകുമായിരുന്നു. അപ്പൊസ്തലന്മാരേക്കാൾ ശക്തി യേശുവിനുണ്ടെന്നായിരുന്നു അവന്റെ ശത്രുക്കളുടെ ധാരണ. ഒരാളെ അറസ്റ്റു ചെയ്യുവാൻ അവർ അയച്ചത് ഒരു തീരാത്ത കൂട്ടത്തെയാണ് (ഏതാണ്ട് അറുനൂറോ അതിലധികമോ ആളുകൾ)! യേശു, തുറന്ന കാഴ്ച്ചപ്പാടിൽ, അവനെ പിടിക്കുവാൻ അവരെ സഹായിക്കേണ്ടിയിരുന്നു.

ഒരു പന്തടിക്കുന്നതുപോലെ യേശുവിനെ പരമോന്നത ന്യായാധിപന്മാർ അങ്ങോട്ടുമിങ്ങോട്ടും തട്ടിക്കൊണ്ടിരുന്നു. ആദ്യം അവനെ ഹന്നാവിന്റെ അടുക്കലേക്കു കൊണ്ടുപോയി. ഈ മഹാപുരോഹിതനെ ആയുഷ്ക്കാലം മുഴുവനായി നിയമിച്ചതാണ്, പക്ഷെ അവന്റെ അഴിമതി അവനെ പുറത്താക്കിയിരുന്നു. അവന്നു അപ്പോൾ സ്ഥാനം ഇല്ലായിരുന്നു എങ്കിലും, അവൻ സ്വാധീനശക്തി ഉള്ളവനായിരുന്നു.

ഹന്നാവു അവനെ കയ്യഫാവിന്റെ അടുക്കലേക്ക് അയച്ചു. അതിനർത്ഥം യേശു വിചാരണയിലായതു മതപരമായ കാരണത്താലല്ല എന്നതാണ്, പക്ഷെ അഴിമതി പുരണ്ട രാഷ്ട്രീയോദ്ദേശങ്ങൾക്കായിരുന്നു. ആ വർഷത്തെ മഹാപുരോഹിതനായിരുന്നു ഹന്നാവിന്റെ മരു - മകൻ - ആയിരുന്ന കയ്യഫാവു. ഹന്നാവു ശക്തനും, എല്ലാവരും ഭയപ്പെട്ടിരുന്നവനും, വെറുക്കപ്പെട്ടവനും ആയിരുന്നു. എന്നാൽ കയ്യഫാവു തികച്ചും അവന്റെ "ബാലദൂതനായി," ഹന്നാവിന്റെ നിയന്ത്രണത്തിൽ ജോലി ചെയ്തവൻ ആയിരുന്നു.

വാക്കുകൾക്കപ്പുറമായി, യെഹൂദപ്രമാണിമാർ തങ്ങളുടെ അഹങ്കാരവും, ഗർവ്വവും, ദുരഭിമാനവും നിമിത്തം അക്ഷോഭ്യരായി തീർന്നു. അവർ പ്രാകൃതരായി, യേശുവിനെ തുപ്പുകയും, മുഖത്ത് അടിക്കുകയും, അവനെ ഇടിക്കുകയും, ശപിക്കുകയും, ശകാരിക്കുകയും ചെയ്തിട്ട് തന്നെ തല്ലിയത് ആരെന്നു പ്രവചിക്കുവാൻ പറഞ്ഞു (മത്തായി 26:67, 68; മർക്കൊസ് 14:65; ലൂക്കൊസ് 22:63–65). ഒരുപക്ഷെ, ശാപവും അടിയും നമുക്കു സഹിക്കുവാൻ കഴിഞ്ഞേക്കാം, എന്നാൽ *തുപ്പലോ*? ആർക്കു സഹിക്കുവാൻ പറ്റും? ദൈവത്തിനോ? തുപ്പലിനെ കുറിച്ചു യേശു പ്രവചിച്ചിരുന്നു (മർക്കൊസ് 10:34; ലൂക്കൊസ് 18:32). അവന്റെ മുന്നറിയിപ്പു സത്യമായി തീർന്നു. യെഹൂദ പ്രമാണിമാരും, റോമാ പടയാളികളും അവന്റെ മുഖത്തു തുപ്പി (മത്തായി 26:67; 27:30; മർക്കൊസ് 15:19). അറെപ്പുളവായി! ദൈവത്തിന്റെ കൃപ *തുപ്പലട*ക്കം എന്തും സഹിക്കും!

"പിശാചിന്റെ തീയാൽ" പത്രൊസിന് ചൂടു തട്ടി (നോക്കുക

മർക്കൊസ് 14:54; ലൂക്കൊസ് 22:55; യോഹന്നാൻ 18:18, 25). അവൻ അങ്ങനെ ചെയ്തുകൊണ്ട്, ക്രിസ്തുവിനോടു ചേരാതെ ശത്രു പക്ഷത്തു ചേർന്നു. *നിങ്ങൾ എവിടെയാണോ അവിടെ ആരോടുകൂടെ സമയം ചെല വഴിക്കുന്നു എന്നതു എപ്പോഴും സൂക്ഷിക്കുക.*

ഉടനെ തന്നെ, പത്രൊസ് യേശുവിനെ മൂന്നു പ്രാവശ്യം തള്ളിപ്പറഞ്ഞു. പിന്നെ കോഴികൂകുകയും സാത്താൻ ഉല്ലസിക്കുകയും ചെയ്തു. യേശു വിചാരണയിൽ നിന്നു വിചാരണയിലേക്കു മാറുകയും ചെയ്തു. അവനെ കയ്യഫാവിന്റെ അടുക്കൽ നിന്നു ന്യായാധിപസംഘത്തിലേക്കു കൊണ്ടുവന്നപ്പോൾ, അവൻ പത്രൊസ് ഇരുന്ന കോടതിയുടെ അടുത്തെത്തി. യേശു തിരിഞ്ഞു പത്രൊസിനെ നോക്കി, അപ്പൊസ്തലന്റെ ഹൃദയം ഉരുകി. അവൻ അങ്ങനെ ചെയ്തതുകൊണ്ടു, പുറത്തു പോയി അതിദുഃഖത്തോടെ പൊട്ടിക്കരഞ്ഞു (ലൂക്കൊസ് 22:61, 62).

ഒരിക്കൽ വലിയ ന്യായാധിപസഭ എന്നു പേരു കേട്ടിരുന്നതാണ് യെഹൂദന്മാരുടെ പരമോന്നത കോടതി. അതു എഴുപത്തി – ഒന്നു മഹനീയ അംഗങ്ങൾ ഉള്ളതാണ്. അവരുടെ ചിത്രീകരിക്കാവുന്ന സ്ഥാനം അന്നു അവസാനിച്ചു. നിരാശയാൽ, കയ്യഫാവിനു താൻ എടുത്ത പ്രതിജ്ഞക്കെതിരായി യേശുവിനെതിരെ സാക്ഷ്യം പറയേണ്ടിവന്നു (മത്തായി 26:62–64). യേശു അവരുടെ കുറ്റാരോപണം ഏല്ക്കുക മാത്രമല്ല, അവനു എതിരായി നീങ്ങുവാൻ കൂടുതൽ തെളിവുകൾ അവൻ നല്കി: "ഇനി മനുഷ്യപുത്രൻ, സർവ്വശക്തന്റെ വലത്തുഭാഗത്തു ഇരിക്കുന്നതും, ആകാശ മേഘങ്ങളെ വാഹനമാക്കി വരുന്നതും, നിങ്ങൾ കാണും എന്നു ഞാൻ പറയുന്നു" എന്നു പറഞ്ഞു (മത്തായി 26:64). അതോടുകൂടെ യേശുവിനെ യെഹൂദർ പിലാത്തൊസിന്റെ അടുക്കൽ അയച്ചു!

പിലാത്തൊസ് യേശുവിനോടു ചോദിച്ച ആ ചോദ്യത്തിനു പിന്നിൽ വ്യക്തമായും യെഹൂദ പ്രമാണിമാർ ആയിരുന്നു: "നീ യെഹൂദന്മാരുടെ രാജാവോ?" അവർ അത്തരം കുറ്റാരോപണം മുൻകൂട്ടി തയ്യാറാക്കാതെ പിലാത്തൊസിന് എന്തു ചോദിക്കണമെന്ന് എങ്ങനെ അറിയാം? ആരോ ആ രാത്രിയിൽ പിലാത്തൊസിന്റെ അടുക്കൽ വന്നിട്ടുണ്ട് എന്നു അതു സൂചിപ്പിക്കുന്നു. രാത്രി ആർക്കായിരിക്കാം പിലാത്തൊസിന്റെ അടുക്കൽ വരുവാൻ കഴിയുക? ഒരുപക്ഷെ, ഉയർന്ന പുരോഹിതനായ, കയ്യഫാവു, അത് ചെയ്തിരിക്കാം. വീണ്ടും, പിലാത്തൊസിന്റെ ഭാര്യയെ അലോസരപ്പെടുത്തിയ സ്വപ്നത്തിന് എങ്ങനെ പൊരുളുണ്ടാക്കുവാൻ കഴിഞ്ഞു (മത്തായി 27:19)? പിലാത്തൊസ് വീണ്ടും യേശുവിന്റെ കേസ് ആദ്യമായി എടുത്തപ്പോൾ യെഹൂദ പ്രമാണിമാർക്കു എന്തുകൊണ്ട് പരിഹാസ്യമായി എന്ന് ഇതു വിശദീകരിക്കുന്നു. യെഹൂദന്മാർ വിചാരിച്ചതു അവർ കാര്യങ്ങളെല്ലാം ഒപ്പിച്ചു എന്നാണ്.

### റോമൻ വിചാരണ

പൊന്തിയൊസ് പിലാത്തൊസ്, യെഹൂദന്മാരെ വെറുത്തിരുന്നു, അവർ അവനെയും വെറുത്തിരുന്നു. അവർ അന്യോന്യം ഉടക്കുകയും, രണ്ടു കൂട്ടരും തമ്മിലുള്ള വാദം ജയിക്കേണ്ടതിനു അവർ എന്തും ചെയ്യുമായിരുന്നു. തന്റെ മുൻകാല തെറ്റുകൾ വെച്ചുകൊണ്ടു, പിലാത്തൊസ്

വളരെ ശ്രദ്ധിക്കണം. യെഹൂദന്മാർ രക്തം ചിന്തുവാൻ ആഗ്രഹിച്ചു; പിലാത്തൊസിന് തന്റെ സ്ഥാനം സംരക്ഷിക്കണമായിരുന്നു.

രാഷ്ട്രീയമായ മുതലെടുപ്പിനു പകരം യെഹൂദന്മാർ രാജ്യദ്രോഹ കുറ്റം ചുമത്തി. ആ പരിഹാസ്യമായ സംഭവത്തിൽ പങ്കാളിയാകാതിരിക്കാൻ പിലാത്തൊസ് ശ്രമിച്ചു, എന്നാൽ അവനു കഴിഞ്ഞില്ല. മറ്റുള്ളവർ വിധിക്കട്ടെ എന്നു അവൻ വിചാരിച്ചു, എന്നാൽ അവർ വിധിച്ചില്ല. യേശുവിൽ "കുറ്റമില്ല" എന്നു അവൻ ആവർത്തിച്ചു പറഞ്ഞു. അവസാനം നിരാശയോടെ, യേശുവിനെ ഹെരോദാവിന്റെ അടുക്കൽ അയച്ചു.

ഒരു മാജിക് ഷോ നടത്തുവാനുള്ള ഹെരോദാവിന്റെ ആവശ്യത്തെ യേശു സമ്മതിച്ചില്ല. ഹെരോദാവിനു യേശുവിനെ തിരിച്ചു പിലാത്തൊസിന്റെ അടുക്കലേക്ക് അയക്കുവാനേ കഴിഞ്ഞുള്ളൂ. ആ നടപടികൊണ്ടു ആകെ കിട്ടിയ നേട്ടം പിലാത്തൊസും ഹെരോദാവും സ്നേഹിതന്മാരായി എന്നതാണ് (ലൂക്കൊസ് 23:12).

യേശുവിന്റെ അക്ഷോഭ്യതയിൽ പിലാത്തൊസ് അതിശയിച്ചു. ബറബ്ബാസിന്റെ സഹായത്തോടെ, യേശുവിനെ യെഹൂദന്മാർക്ക് അനുകൂലമായി വിട്ടുകൊടുക്കുവാൻ അവൻ ശ്രമിച്ചു. അവർ അതു തള്ളിക്കളഞ്ഞു. ഒരു പൊതുകവർച്ചക്കാരനായിരുന്ന ബറബ്ബാസിനെ വെറുതെ വിടാൻ അവർ തിരഞ്ഞെടുത്തു! ആളുകൾ എല്ലായ്പ്പോഴും ഒരു ബറബ്ബാസിനെയാണ് തിരഞ്ഞെടുക്കുന്നത്.

യെഹൂദന്മാർ ജയിച്ചു എങ്കിലും പരാജയപ്പെട്ടു. അവർ പ്രഖ്യാപിച്ചു, "ഞങ്ങൾക്ക് കൈസരല്ലാതെ മറ്റൊരു രാജാവില്ല" (യോഹന്നാൻ 19:15). അവർ കൈസരിനുവേണ്ടി ദൈവത്തെ തള്ളിക്കളഞ്ഞു. അവർ വെറുത്തതിന്റെ മുമ്പിൽ കുമ്പിട്ടുകൊണ്ട്, നിലവിളിച്ചു, "അവന്റെ രക്തം ഞങ്ങളുടേയും ഞങ്ങളുടെ മക്കളുടെ മേലും വരട്ടെ"! (മത്തായി 27:25).

പിലാത്തൊസിനു "കുറ്റമില്ലാത്ത" യേശുവിനെ ക്രൂശിക്കേണ്ടി വന്നു! അവൻ തന്റെ കൈ കഴുകി; യേശു മറ്റുള്ളവരുടെ കാൽകഴുകി. എന്തൊരു വ്യത്യാസം!

പിലാത്തൊസ് യെഹൂദന്മാരുടെ പ്രീതി സമ്പാദിക്കുവാൻ ആഗ്രഹിച്ചു. അതു അകൃത്യങ്ങളുടെ അകൃത്യമായിരുന്നു! യെഹൂദന്മാരെപോലെ ദുരഭിമാനിതർ ആകരുത്, ഹെരോദാവിനെ പോലെ മോശമാകരുത്, അല്ലെങ്കിൽ പിലാത്തൊസിനെ പോലെ നട്ടെല്ലില്ലാത്തവനുമാകരുത്. ചരിത്രകാരനായ യൂസേബിയസ്[1] പറഞ്ഞതു പിലാത്തൊസ് ആത്മഹത്യ ചെയ്തു എന്നാണ്. ദൈവം യെരുശലേമിനെ തുടച്ചു നീക്കി (എ.ഡി. 67–70 ൽ ടൈറ്റസിനെയും റോമൻ പടയാളികളെയും ഉപയോഗിച്ചു). ദൈവത്തോടു കളിക്കരുത്!

*ക്രൂശ് ...*
*അല്ലാതെ മറ്റൊരു വഴി ഇല്ല!*

---

കുറിപ്പ്

[1]യൂസേബിയസ് *എക്ളേസിയാസ്റ്റിക്കൽ ഹിസ്റ്ററി* 2.7.

© 2009 Truth for Today